പാറ പൊട്ടിക്കുന്നതിനുള്ള ലൈസൻസും അനുമതിയും ഉറപ്പാക്കാൻ നടപടി

25 [3539] *ശ്രീ. പി. ടി. തോമസ്:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ബി. വിജയകുമാർ:
,, *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ പൊട്ടിക്കുന്നതിന് എന്തെല്ലാം വിധത്തിലുള്ള ലൈസൻസുകളും അനുമതിയും ആവശ്യമാണ്;

(ബി) മറ്റെന്തെല്ലാം നിയന്ത്രണങ്ങൾ പാറപൊട്ടിക്കുന്ന കാര്യത്തിൽ പാലിക്കേണ്ടതുണ്ട്;

(സി) ഈ ലൈസൻസുകളും അനുമതികളും നേടാതെയും മറ്റ് നിയന്ത്രണങ്ങൾ പാലിക്കാതെയും പാറ പൊട്ടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പാറപൊട്ടിക്കുമ്പോൾ ലൈസൻസുകളും അനുമതികളും നേടിയിട്ടുണ്ടോ എന്നും നിയന്ത്രണങ്ങൾ അനുസരിക്കുന്നുണ്ടോ എന്നും ഉറപ്പാക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരിങ്കൽ ഖനനത്തിനായി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുസരിച്ച് ക്വാറിയിങ് പെർമിറ്റ് അല്ലെങ്കിൽ ക്വാറിയിങ് ലീസ് ആവശ്യമാണ്. ധാതു കൺസഷൻ ചട്ടമനുസരിച്ച് അനുവദിക്കുന്നതിലേക്കായി റവന്യൂ വകുപ്പിൽനിന്നുമുള്ള സർവ്വേ മാപ്പും കൈവശാവകാശ സർട്ടിഫിക്കറ്റും സ്വകാര്യ ഭൂമിയാണെങ്കിൽ സ്ഥലമുടമയിൽനിന്നുള്ള സമ്മതപത്രം അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽനിന്നുള്ള എൻ.ഒ.സി.യും ഹാജരാക്കേണ്ടതുണ്ട്. പെർമിറ്റ് സമ്പാദിച്ചുകഴിഞ്ഞാൽ ക്വാറിയിങ് നടത്തുന്നതിന് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിൽനിന്നും എക്സ്പ്ലോസീവ്സ് ലൈസൻസും ബ്ലാസ്റ്റ്മെന്റ് ലൈസൻസും കരസ്ഥമാക്കേണ്ടതുണ്ട്. എക്സ്പ്ലോസീവ് ലൈസൻസ് അനുവദിക്കുന്നതിലേക്ക് റവന്യൂ, ഫയർ, പോലീസ്, പി.ഡബ്ലിയു.ഡി., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ എൻ.ഒ.സി. ആവശ്യമാണ്. ക്വാറിയിങ്ങിൽ പങ്കെടുക്കുന്ന തൊഴിലാളികൾ കേന്ദ്ര ലേബർ വകുപ്പിൻ പരിധിയിൽപ്പെടുന്നവരാണ്. കൂടാതെ, കരിങ്കൽ ക്വാറികൾ കേന്ദ്ര മൈൻ സേഫ്റ്റി വകുപ്പിന്റെ നിരീക്ഷണത്തിലും വരുന്നുണ്ട്.

(ബി) 1957-ലെ മൈൻസ് ആന്റ് മിനറൽസ് റെഗുലേഷൻ ആന്റ് ഡവലപ്മെന്റ് ആക്ട്, 1988-ലെ മിനറൽ കൺസഷൻ ആന്റ് ഡവലപ്മെന്റ് റൂൾസ്, ഗ്രാനൈറ്റ് കൺസർവേഷൻ ആന്റ് ഡവലപ്മെന്റ് റൂൾസ് 1999, മെറ്റാലീ ഫെറസ് മൈൻസ് റെഗുലേഷൻസ് ആക്ട്, 1961-ലെ മൈൻസ് ആക്ട്, 1952-ലെ സെൻട്രൽ ലേബർ ആക്ട്, എക്സ്പ്ലോസീവ്സ് ആക്ട് എന്നീ ചട്ടങ്ങളിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുസരിച്ച് കരിങ്കൽ ഖനനത്തിനായി അനുവദിക്കുന്ന ലൈസൻസുകൾ എല്ലാ അനുമതികളും നിയന്ത്രണങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, പെർമിറ്റ് ഇല്ലാതെ നടത്തിവരുന്ന ക്വാറികൾ കണ്ടെത്തി നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ഓഫീസുകൾ, മിനറൽ സ്കാഡുകൾ എന്നിവയുടെ പരിശോധനയിൽക്കൂടി 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ച് ഉറപ്പാക്കാറുണ്ട്.

ധാതുമണൽ ഖനനവുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസികളും പൊതുമേഖലാ സ്ഥാപനങ്ങളും

26 [3540] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാതുമണൽ ഖനനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ കഴിഞ്ഞ പത്തുവർഷങ്ങളിലെ ഉൽപ്പാദനമൂല്യവും ലാഭവിഹിതവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം ഉയർത്തുന്നതിന് ഈ സർക്കാർ ആകെ എന്തു തുക ലഭ്യമാക്കിയിട്ടുണ്ടെന്നും ഓരോ സ്ഥാപനത്തിനും നൽകിയ തുക എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്നിവയാണ് സംസ്ഥാനത്ത് ധാതുമണൽ ഖനനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നത്.

(ബി) കെ.എം.എം.എൽ.-ന്റെ കഴിഞ്ഞ പത്തു വർഷങ്ങളിലെ ഉൽപ്പാദനമൂല്യവും ലാഭവിഹിതവും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.† ഐ.ആർ.ഇ.യുടെ കഴിഞ്ഞ പത്തു വർഷങ്ങളിലെ ഉൽപ്പാദനമൂല്യവും ലാഭവിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

† അനുബന്ധം IV, IV എ.

LIBRARY ARCHIVES Kerala Legislative Assembly